ശ്രീ. ആർ. ശങ്കർ : (ഡി ് ഈ) പ്രൈമറി സ്കൂളുകൾ ആരംഭിക്കുവാനുള്ള അവകാശം ലോക്കൽ ബാഡ്ഡീസിനു നൽകുവാൻ ഉദ്ദേശമില്ല. എന്നാൽ ലോക്കൽ ബാഡ്ഡീസിൽ നിന്നും സ്കൂളുകൾ തുടങ്ങുവാൻ കിട്ടുന്ന അപേക്ഷകളും ആലോചിക്കുന്നതാണു്.

പട്ടികജാതിക്കാർക്കു് വീടുവയ്ക്കുന്നതിനു് പരിപാടി.

* 330. [18] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്കു് വീടുവയ്ക്കുന്നതിനു് എന്തെങ്കിലും പരിപാടിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങൾ എന്തെല്ലാം ;

(സി) ഈ വർഷം ഈ പരിപാടിയനുസരിച്ചു് എത്ര വീടുകൾ വയ്ച്ചു കൊടുത്തു ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ഉണ്ടു്.

(ബി) ഭവനരഹിതരായ പട്ടികജാതിക്കാർക്കു് വീടു് പണിയുന്നതിനു് 1,000 രൂപവീതം ഗ്രാൻറു് നാലു് ഗഡുക്കളിലായി കൊടുക്കുന്നതാണു്. ആദ്യത്തെ ഗഡുവു് 200 രൂപയും രണ്ടാമത്തേതു് 500 രൂപയും മൂന്നാമത്തേതു് 200 രൂപയും നാലാമത്തേതു് 100 രൂപയും ആണു്. രണ്ടും മൂന്നും നാലും ഗഡുക്കളിൽ തുക കൊടുക്കുന്നതു് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ സർട്ടിഫിക്കറ്റു് അനുസരിച്ചാണു്. ഗ്രാൻറിനു അർഹരായ ആളുകളെ തെരഞ്ഞെടുക്കുന്നതു് അതാതു ജില്ലാ ഉപദേശകസമിതികളാണു്. ഗ്രാൻറു തുക വാങ്ങുന്നതിനു മുമ്പു് അതിനു് അർഹരായ ആളുകൾ കരാറുകൾ എഴുതി കൊടുക്കേണ്ടതാണു്.

(സി) 400 വീടുകൾ പണിയുന്നതിനു് ഗ്രാൻറു് നൽകാൻ ഉത്തരവായിട്ടുണ്ടു്.

കള്ളഷാപ്പുകളുടെ എണ്ണക്കുറവു്.

* 331. [19] ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളഷാപ്പുകളുടെ എണ്ണക്കുറവു് ഒന്നുംതന്നെ വ്യക്തമല്ലെന്നുള്ള വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) അടുത്ത ഷാപ്പുലേലത്തിനുമുമ്പു് ഇതു ശരിപ്പെടുത്തുവാൻ വേണ്ട നടപടി എടുക്കുമോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) കള്ളഷാപ്പുകളുടെ എണ്ണക്കുറവു് വ്യക്തമല്ലെന്ന പൊതുവേ പരാതികളില്ല.

(ബി) എല്ലാകൊല്ലവും ലേലവിൽപ്പന നോട്ടീസു് പരസ്യപ്പെടുത്തുമ്പോൾ എണ്ണുകകളിൽ വല്ല മാറ്റവും വരുത്തേണ്ടതുണ്ടോയെന്നു് പരിശോധിച്ചു വേണ്ട മാറ്റങ്ങൾ വരുത്തിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly